റിബേറ്റ് ഇനത്തിലുള്ള ക്രമക്കേട്

*60. [60] ശ്രീ. നാലകത്ത് സൂപ്പി :
,, പി. വി. മുഹമ്മദ് :
,, എം. പി. എം. ഇസഹാക്ക് കുരിക്കൾ :
,, പി. സീതി ഹാജി :
,, കൊമ്പയിൽ അഹമ്മദ് ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിബേറ്റ് ഇനത്തിലുള്ള ക്രമക്കേട് കണ്ടുപിടിക്കാൻ കൈത്തറി സഹകരണ സംഘങ്ങളിൽ ഡിപ്പാർട്ടുമെന്റ് മിന്നൽ പരിശോധന നടത്തിയോ : എങ്കിൽ ഏതെല്ലാം ജില്ലകളിലെ എത്ര സംഘങ്ങളിൽ ;

(ബി) എത്ര സംഘങ്ങളിൽ റിബേറ്റ് ക്രമക്കേട് കണ്ടെത്തി ;

(സി) എത്ര സംഘങ്ങളുടെമേൽ നടപടി എടുത്തു ;

(ഡി) എടുത്ത നടപടിയുടെ സ്വഭാവമെന്ത് ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) പരിശോധനയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു :

തിരുവനന്തപുരം ജില്ല	—32	സംഘങ്ങൾ
കൊല്ലം ജില്ല	—5	,,
എറണാകുളം ജില്ല	—4	,,
പാലക്കാടു ജില്ല	—I	സംഘം
തൃശ്ശൂർ ജില്ല	—1	,,

(ബി) 'എ' ഉത്തരത്തിൽ പറഞ്ഞ മിന്നൽ പരിശോധനയിൽ കണ്ടുപിടിച്ച 20 സംഘങ്ങളും, തിരുവനന്തപുരം ജില്ലയിൽ പതിവുപരിശോധനയിൽ കണ്ടുപിടിച്ച 140 സംഘങ്ങളും ഉൾപ്പെടെ 160 സംഘങ്ങൾ.

(സി) 7 സംഘങ്ങൾ. ബാക്കി സംഘങ്ങളുടെ മേൽ നടപടി സ്വീകരിച്ചു വരികയാണ്.

(ഡി) ഈ സംഘങ്ങൾ അപേക്ഷിച്ചിട്ടുള്ള റിബേറ്റ് കുടിശ്ശിക മേലുള്ള പരിശോധന തീരുന്നതുവരെ തടഞ്ഞുവയ്ക്കുക, റിബേറ്റുവിൽപ്പന നടത്തുന്നതിൽനിന്ന് ഈ സംഘങ്ങൾക്ക് വിലക്ക് കൽപ്പിക്കുക, ഇനിയുള്ള റിബേറ്റ് വിൽപ്പനയിൽനിന്ന് ഇവരെ തടയുക മുതലായവയാണ്. ഇതിനുപുറമെ തറികൾ പെരുപ്പിച്ചുകാണിച്ച സംഘങ്ങളോട് സമാധാനം ആവശ്യപ്പെട്ടിരിക്കുകയാണ്. വിശദീകരണം ലഭിച്ചുകഴിഞ്ഞാൽ നടപടി എടുക്കുന്നതാണ്.

ഒരു താലൂക്കിൽ ഒരു വ്യവസായം എന്ന പദ്ധതി

*61. [61] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :
,, വർക്കല രാധാകൃഷ്ണൻ :
,, വി. കേശവൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു താലൂക്കിൽ ഒരു കോടി രൂപ മൂലധനത്തിൽ ഒരു വ്യവസായ സ്ഥാപനം എന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം എത്ര താലൂക്കുകളിൽ പ്രാവർത്തികമായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ താലൂക്കിലും തുടങ്ങിയ വ്യവസായങ്ങൾ ഏവ ;

(സി) ഓരോന്നിന്റെയും മുടക്കുമുതൽ എത്ര ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെങ്കിലും വ്യവസായ സ്ഥാപനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് എത്ര സ്ഥാപനങ്ങളിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയും?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഒരു താലൂക്കിൽ ഒരു കോടി രൂപ മൂലധനത്തിൽ ഒരു വ്യവസായം എന്ന പ്രഖ്യാപനമനുസരിച്ച് 30 താലൂക്കുകളിൽ വ്യവസായങ്ങൾ ആരംഭിച്ചു .

(ബി)&(സി) ഓരോ താലൂക്കിലും തുടങ്ങിയ വ്യവസായങ്ങളുടെയും മുടക്കുമുതലിന്റെയും പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്†

(ഡി) ഉണ്ട് .

(ഇ) കഴിയുന്നത്ര വ്യവസായ യൂണിറ്റുകളിലും ഈ മന്ത്രിസഭയുടെ കാലത്തുതന്നെ ഉൽപ്പാദനം ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് .

ഭവനനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം

*62. [62] ശ്രീ. വി. വി. ജോസഫ് :
,, ടി. എസ്. ജോൺ :
,, പി സി. ജോർജ് :
,, എം. വി. മാണി :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെലവു കുറഞ്ഞ ഭവനനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം തുടങ്ങിയോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന സാമഗ്രികളും ചുരുങ്ങിയ ചിലവിലും അനുയോജ്യമായ സാങ്കേതികവിദ്യകളും ഉപയോഗിച്ചും നിർമ്മിക്കുന്നതിനായി ഒരു നിർമ്മിതികേന്ദ്രം കൊല്ലം ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു .

സ്പോർട്സ് വികസന പദ്ധതികൾ

*63. [63] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, എ. സി. ഷൺമുഖദാസ് :
,, സിറിയക് ജോൺ :
,, കെ. കെ ബാലകൃഷ്ണൻ :
,, ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് വികസനത്തിന് ഇപ്പോൾ ഏതെല്ലാം പദ്ധതികളിലൂടെയാണ് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് സാമ്പത്തികസഹായം ലഭ്യമാകുന്നത് ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly